LIBRARY ARCHIVES Kerala Legislative Assembly

അബ്കാരി കുടിശ്ശിക

100 (1063)ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 ഡിസംബർ വരെ സംസ്ഥാനത്തിന്റെ അബ്കാരി കുടിശ്ശിക എത്ര കോടി രൂപയാണ് ;

(ബി) കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ ഇതുവരെ എന്തെങ്കിലും തുക എഴുതിത്തള്ളുകയുണ്ടായോ ; എങ്കിൽ എത്ര രൂപ ; ഇങ്ങനെ എഴുതിത്തള്ളാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) കുടിശ്ശിക അടിയന്തരമായി പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കും ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 ഡിസംബർ വരെ സംസ്ഥാനത്തിന്റെ അബ്കാരി കുടിശ്ശിക 205,21,95,156 രൂപയാണ്.

(ബി) കുടിശ്ശികയിനത്തിൽ 22,77,353 രൂപ പലിശയുൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് എഴുതിത്തള്ളിയിട്ടുണ്ട്. കുടിശ്ശികക്കാർ മരണപ്പെട്ടു പോയതിനാലും, ടിയാളുകളുടെ അനന്തരാവകാശികളിൽ നിന്നും യാതൊരു വിധത്തിലും കുടിശ്ശിക തുക ഈടാക്കുവാൻ കഴിയില്ലാ എന്നുള്ളതിനാലും, കുടിശ്ശികക്കാരന് യാതൊരുവിധ സ്വത്തുക്കളും നിലവിലില്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള എല്ലാ ജില്ലാ കളക്ടർമാരുടെയും റിപ്പോർട്ടിന്റെ വെളിച്ചത്തിലുമാണ് കുടിശ്ശിക തുകകൾ എഴുതിതള്ളിയിട്ടുള്ളത്.

(സി) കുടിശ്ശിക തുകകൾ പിരിച്ചെടുക്കൽ ഊർജ്ജിതപ്പെടുത്തുന്നതിലേക്കായി എക്സൈസ് ഉദ്യോഗസ്ഥരുടെ റിവ്യൂ കോൺഫറൻസുകൾ സംസ്ഥാന തലത്തിലും, സോണൽ, ജില്ലാ തലങ്ങളിലും കൂടുകയും, കുടിശ്ശിക പിരിവിന്റെ നടപടികൾ വിലയിരുത്തുകയും, അതോടൊപ്പം ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികളും ഊർജ്ജിതമാക്കിയിട്ടുണ്ട്. കൂടാതെ, ആംനസ്റ്റി സ്കീം പ്രകാരം പരമാവധി കുടിശ്ശിക പിരിച്ചെടുക്കേണ്ടതിന്റെ ഭാഗമായി, ഇക്കാര്യത്തിൽ കൂടുതൽ ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. 31-3-2011 വരെ ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടിയിരിക്കുന്നതിനാൽ, പരമാവധി കുടിശ്ശിക പിരിച്ചെടുക്കുവാൻ എല്ലാ ജില്ലാ/മേഖലാതല ഉദ്യോഗസ്ഥൻമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ നടപടി

101 (1064) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തേക്കുള്ള സ്പിരിറ്റിന്റെ കള്ളക്കടത്ത് തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;